പാഠം 13

# അന്ത്യ സ്വസ്ഥത

## ശബ്ബത്ത് സായാഹ്നം

**ഈ ആഴ്ചയിലെ പഠനത്തിന്: വെളി. 1:9–19; മത്തായി 24:4–8; 23–31; വെളി. 14:6–12; എബ്രാ. 11:13–16; ഫിലി. 4:4–6.**

**മനഃപാഠവാക്യം: "ദൈവം തന്നെ സ്നേഹിക്കുന്നവർക്ക് ഒരുക്കീട്ടുള്ളതു കണ്ണു കണ്ടിട്ടില്ല, ചെവി കേട്ടിട്ടില്ല, ഒരു മനുഷ്യന്റെയും ഹൃദയത്തിൽ തോന്നീട്ടുമില്ല" (1 കൊരി. 2:9).**

നിങ്ങൾ വലിയൊരു യുദ്ധരംഗത്തുവന്നുപെട്ടിരിക്കുകയാണെന്ന് എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ? ആ പ്രത്യേകയുദ്ധം നന്മയും തിന്മയും തമ്മിലുള്ളതാണ്. ലോക മനുഷ്യരടക്കം പലരും ഇതിന്റെ യാഥാർത്ഥ്യം മനസ്സിലാക്കിയിട്ടുണ്ട്. അതു സത്യമാകയാൽ നാം അങ്ങനെതന്നെ ചിന്തിക്കുന്നു. നാം ക്രിസ്തുവിന്റെയും (നന്മ) സാത്താന്റെയും (തിന്മ) മദ്ധ്യേ ആ വലിയ യുദ്ധക്കളത്തിലാണ്.

ജീവിതം രണ്ടു നിലകളിൽ ഓടിക്കൊണ്ടിരിക്കുകയാണ്. ക്രിസ്തുവും സാത്താനും തമ്മിലുള്ള വൻപോരാട്ടം ലോകവ്യാപകമായി നടന്നുകൊണ്ടിരിക്കുന്നു. അതിൽ സകല വാനലോകങ്ങളും ഉൾപ്പെട്ടിരിക്കുന്നു. അത് ആദ്യമായി ആരംഭിച്ചതു സ്വർഗ്ഗത്തിലാണ് (വെളി. 12:7). അതിന്റെ സംഭവബഹുലതകളുടെ അമ്പരപ്പിൽപ്പെട്ടു ഞരങ്ങുന്ന നാം ഈ ലോകത്തിനുവേണ്ടി ദൈവം ഒരുക്കിയിരിക്കുന്നവൻ സുരക്ഷാ പദ്ധതി ശ്രദ്ധിക്കാതെയുമിരിക്കും. യുദ്ധങ്ങളും രാഷ്ട്രീയ അസ്ഥിരതകളും പ്രകൃതി ക്ഷോഭ പ്രത്യാഘാതങ്ങളുമെല്ലാം നമ്മെ നിസ്സഹായ ഭയപ്പാടിൽ ആഴ്ത്തിക്കളയുന്നുണ്ട്. നാം എവിടേക്കു യാത്ര ചെയ്തുകൊണ്ടിരിക്കുകയാണെന്നും അവിടെ എങ്ങനെ എത്തിച്ചേരാമെന്നുമുള്ളതിന്റെ വ്യാപകദൃശ്യം മനസ്സിൽ സൂക്ഷിച്ചിരിപ്പാൻ ദൈവത്തിന്റെ പ്രവാചകനടത്തിപ്പ് സഹായിക്കുന്നു.

വൻപോരാട്ടം അത്യധികം നടന്നുകൊണ്ടിരിക്കുന്നതു വ്യക്തിപരനിരയിലാണ്. നമ്മുടെ ദൈനംദിന ജീവിതത്തിൽ നാം എല്ലാവരും തന്നെ ഈ പോരാട്ടത്തിന്റെ വെല്ലുവിളികൾ വ്യക്തിജീവിതത്തിൽ നേരിടുകയാണ്. യേശുവിന്റെ വീണ്ടുംവരവിനുമുമ്പുതന്നെ നാം മരിക്കുകയാണെങ്കിൽ മരണമെന്ന പ്രതിസന്ധിയും നാം അഭിമുഖീകരിക്കുന്നു. ലോകവ്യാപക അസ്വസ്ഥതയുടെ നടുവിൽ അജ്ഞാതഭാവിയിലേക്കു കണ്ണുംനട്ടു ഗമിക്കുന്ന നാം അല്പസമയത്തേക്കെങ്കിലും ക്രിസ്തുവിൽ എങ്ങനെ സ്വസ്ഥത കണ്ടെത്തുന്നുണ്ടെന്ന് ഈ ആഴ്ചയിലെ പാഠപഠനത്തിൽ നാം ഗ്രഹിക്കുന്നു. ദീർഘകാലാടിസ്ഥാനത്തിൽ നോക്കുമ്പോൾ സകലവും ആനന്ദകരം തന്നെ!

***ഈ ആഴ്ചയിലെ പാഠം പഠിച്ച് സെപ്റ്റംബർ 25 ശബ്ബത്തിനുവേണ്ടി നമുക്ക് ഒരുങ്ങാം...***

## കാലാന്ത്യ ദർശനം

യേശുവിനോടൊത്തുണ്ടായിരുന്ന ശിഷ്യന്മാരിൽ ഏറ്റവും അവസാനം ജീവനോടിരുന്ന ഏകവ്യക്തി സ്നേഹിതരിൽനിന്നും അടുപ്പക്കാരിൽ നിന്നെല്ലാം അകന്ന് കാരാഗ്രഹ ദ്വീപിലെ പാറപ്പുറത്തിരിക്കയായിരുന്നു. ഈ ഏകാന്തദ്വീപിൽ ഒറ്റക്കായിരിക്കുമ്പോൾ യോഹന്നാൻ എന്ന അവന്റെ മനസ്സിൽക്കൂടെ കടന്നുപോയിക്കൊണ്ടിരുന്നത് എന്തൊക്കെ ആയിരിക്കാം? അതുപോലെ ആയിരുന്നു അവിടെ അവൻ എത്തിച്ചേരുന്നതിന് ഇടയായതും. യേശു സ്വർഗ്ഗത്തേക്ക് എടുക്കപ്പെട്ടതും അതു നോക്കി നിന്നവർക്കു രണ്ടു ദൂതന്മാർ പ്രത്യക്ഷപ്പെട്ടു പറഞ്ഞതും അവന്റെ ചെവിയിൽ അപ്പോഴും മുഴങ്ങുന്നുണ്ട്: "ഗലീല പുരുഷന്മാരേ, നിങ്ങൾ ആകാശത്തിലേക്കു നോക്കി നില്ക്കുന്നത് എന്ത്? നിങ്ങളെ വിട്ടു സ്വർഗ്ഗാരോഹണം ചെയ്ത ഈ യേശുവിനെ സ്വർഗ്ഗത്തിലേക്കു പോകുന്നവനായി നിങ്ങൾ കണ്ടതുപോലെ തന്നേ അവൻ വീണ്ടും വരും" (അപ്പൊ. 1:11).

അതു വളരെ വർഷങ്ങൾക്കുമുമ്പാണ്. യേശു ഇതുവരെയും മടങ്ങിവന്നില്ല. അന്നു കൂടെയുണ്ടായിരുന്ന ശിഷ്യന്മാരിൽ പലരും മരിച്ചുകഴിഞ്ഞു. യേശുവിനെ സാക്ഷിച്ചതുകൊണ്ടു പലരും കൊല്ലപ്പെട്ടു. പ്രാരംഭ നിലവാരത്തിലായിരുന്ന യുവ സഭയിൽ പരമ്പരാഗതമായ പല മാറ്റങ്ങളും വന്നുചേർന്നു. പുറമെ നിന്നുള്ള പീഡനം ഇപ്പോൾ അധികമാണ്. ഉള്ളിൽനിന്നു ധാരാളം ദുരുപദേശങ്ങളും കടന്നുവരുന്നുണ്ട്. യോഹന്നാൻ ഏകാന്തതയിൽ ക്ഷീണിച്ച് അസ്വസ്ഥനായിരിക്കുന്നു. അപ്പോൾത്തന്നെ പൊടുന്നനെ അവനൊരു ദർശനം കണ്ടു.

ഈ ദർശനത്തിൽനിന്ന് എപ്രകാരമുള്ള ആശ്വാസം യോഹന്നാനും ഉണ്ടായിക്കാണും? വെളി. 1:9–19 വായിക്കുക.

"ഞാനോ ലോകാവസാനത്തോളം എല്ലാ നാളും നിങ്ങളുടെ കൂടെ ഉണ്ട്" (മത്തായി 28:20) എന്ന് യേശു മുമ്പുതന്നെ ശിഷ്യരോടു പറഞ്ഞിരുന്നു. തന്റെ ഏകാന്തതയിലും ഈ വാക്യം യോഹന്നാന്റെ ഉള്ളിൽ ഉണ്ടായിരുന്നു എന്നുള്ളതിന് സംശയമില്ല. ഇപ്പോൾ ഈ വെളിപ്പാട് അവനു കൂടുതൽ ആശ്വാസപ്രദമായിട്ടുണ്ട്. "ഞാൻ അൽഫായും ഒമേഗയും ആദിയും അന്തവും ആകുന്നു" എന്നുള്ളവനായ യേശു ഇപ്പോൾ ഒരു പ്രത്യേകരീതിയിൽ അവനു വെളിപ്പെടുന്നത് എത്രയോ അധികം ആശ്വാസം നൽകുന്നു.

"ഞാൻ പുതിയ ആകാശവും പുതിയഭൂമിയും കണ്ടു; ഒന്നാമത്തെ ആകാശവും ഒന്നാമത്തെ ഭൂമിയും ഒഴിഞ്ഞുപോയി; സമുദ്രവും ഇനി ഇല്ല. പുതിയ യെരൂശലേം എന്ന വിശുദ്ധനഗരം ഭർത്താവിന്നായി അലങ്കരിച്ചിട്ടുള്ള മണവാട്ടിയെപ്പോലെ ഒരുങ്ങി സ്വർഗ്ഗത്തിൽനിന്ന്, ദൈവസന്നിധിയിൽനിന്നുതന്നെ ഇറങ്ങുന്നതും ഞാൻ കണ്ടു" (വെളി. 21:1,2).

ദൈവത്തിന്റെ അത്ഭുത കരുതലിലും വാഗ്ദത്തങ്ങളിലും ആത്മവിശ്വാസത്തോടെ ആശ്രയിച്ചു സ്വസ്ഥത അനുഭവിപ്പാൻ യോഹന്നാനുണ്ടായ ദർശനങ്ങളും വെളിപ്പാടും അവനെ ഏറ്റവുമധികം സഹായിച്ചു.

ജീവിതം ഇപ്പോൾ കഠിനവും ചിലപ്പോഴൊക്കെ ഭയപ്പെടുത്തുന്നതുമായിരിക്കാം. എന്നാൽ ദൈവം ഭാവിയെല്ലാം കാണുകയും അന്ത്യം എന്താണെന്ന് അറിയുകയും ചെയ്കകൊണ്ട് ഇപ്പോൾ നമുക്ക് അത് എത്ര ആശ്വാസം തരുന്നുണ്ട്?

## നിമിഷങ്ങൾ എണ്ണപ്പെട്ടു

ഒലിവുമലയിൽവെച്ചു ശിഷ്യന്മാരുടെ ചോദ്യങ്ങൾക്കുത്തരമായി യേശു ചരിത്രത്തിന്റെ ബൃഹത്തായ ചിത്രം വരച്ചുകാട്ടുകയായിരുന്നു. "അത് എപ്പോൾ സംഭവിക്കും എന്നും നിന്റെ വരവിനും ലോകാവസാനത്തിനും അടയാളം എന്ത് എന്നും പറഞ്ഞുതരേണം എന്ന് അപേക്ഷിച്ചു" (മത്തായി 24:3).

യേശുവിന്റെ പ്രശസ്ത പ്രസംഗം മത്തായി 24 ൽ കാണുന്നതു തന്റെ കാലം മുതൽ ലോകാന്ത്യംവരെയും അതിനെ തുടർന്നുള്ളതും വിഘ്നം കൂടാതെ വിവരിക്കുക. സ്വർഗ്ഗീയ സമയ ക്രമീകരണത്തിന്റെ വിവരണം കാലാന്ത്യ പ്രവചനങ്ങളും ചേർത്ത് അന്ത്യകാലത്തുള്ളവർക്കുംകൂടെ പ്രയോജനപ്പെടുന്നതിലേക്കും അവർ കാലാന്ത്യസംഭവങ്ങൾക്ക് ഒരുക്കമുള്ളവരായിരിപ്പാൻ തക്കവണ്ണം നിലനില്ക്കേണ്ടതിനും യേശു ശിഷ്യന്മാർക്ക് ഏല്പിച്ചുകൊടുത്തു. നമ്മുടെ ചുറ്റുപാടുമുള്ളതെല്ലാം തകർന്നടിയുമെങ്കിലും ക്രിസ്തുവിന്റെ സ്നേഹത്തിൽ സ്വസ്ഥത കണ്ടെത്തി ധൈര്യം നിലനില്പാൻ യേശു നമ്മെക്കുറിച്ച് ആശിക്കുന്നു. "ഒരു ജാതി ഉണ്ടായതുമുതൽ ഈ കാലംവരെ സംഭവിച്ചിട്ടില്ലാത്ത കഷ്ടകാലം ഉണ്ടാകും" (ദാനി. 12:1) എന്നുള്ള പ്രവചനം അഡ്വന്റിസ്റ്റുകൾക്കു സുപരിചിതമാണ്. യേശുവിന്റെ രണ്ടാംവരവുമായി ബന്ധപ്പെട്ടുള്ള ഈ സംഭവത്തിന് ഒരുക്കമായിരിക്കേണ്ടത് ആവശ്യമാണെന്നും നമ്മോടു യേശു തന്നെ പറയുന്നു.

രണ്ടാം വരവ് ഏതുവിധമാണ്? വഞ്ചിക്കപ്പെട്ടുപോകാതിരിപ്പാൻ നാം എന്തു ചെയ്യണം? മത്തായി 14:4–8; 23–31 വാക്യങ്ങൾ വായിക്കുക.

അന്ത്യത്തിൽ യേശു വരുന്നത് ഒരു യഥാർത്ഥ സംഭവംതന്നേ. വിവിധ പ്രവചനങ്ങളിൽ ഇതു വിവരിച്ചിരിക്കുന്നതും യേശുവിന്റെതന്നെ പ്രസംഗങ്ങളും ഒരുമിച്ചു നോക്കുമ്പോൾ ഇതൊരു അത്ഭുതസംഭവം ആണ്. മുമ്പൊരിക്കൽ ഒരു കാലാവസ്ഥാവ്യതിയാന സംഭവം ഭൂമിയിലുണ്ടായപ്പോൾ ഭൂതലമെങ്ങും അതു നേരിടാൻ ഒരുക്കമുണ്ടായിരുന്നത് ആകെ എട്ടുപേർ മാത്രമായിരുന്നു. ജലപ്രളയമെന്ന ആ സംഭവവുമായി തന്റെ വീണ്ടുംവരവിനെ യേശു താരതമ്യപ്പെടുത്തുന്നു (മത്തായി 24:37–39). ആ സംഭവത്തിന്റെ നാളും നാഴികയും സംബന്ധിച്ച് ആരും അറിയുന്നില്ലായെങ്കിലും (മത്തായി 24:36). നമ്മുടെ ലോകത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്നത് എന്തൊക്കെയെന്നു കണ്ട് ആ മഹാസംഭവത്തെ ശ്രദ്ധിച്ചിരിക്കേണ്ടതിനു പ്രവചന നിറവേറലുകൾ ധാരാളമായി നമുക്കു നല്കപ്പെട്ടിരിക്കുന്നു.

ഈ പ്രവചനനാടകത്തിൽ നമുക്കും ഒരു പങ്കുണ്ട്. നമ്മുടെ ഭാഗം എന്താണ്? മത്തായി 24:9–14 ശ്രദ്ധിച്ചു നോക്കുക.

സകല ലോകങ്ങളും ഉൾപ്പെട്ടിരിക്കുന്ന ഈ മത്സരത്തിൽ നാം വെറും കാഴ്ചക്കാരല്ല. ലോകമെങ്ങും ദൂത് എത്തിക്കേണ്ടതിനു നാം ഉണർന്നു പ്രവർത്തിക്കുന്നരാകണം. അതിന്റെ അർത്ഥം പീഡനം നമ്മുടെമേലും വരുമെന്നുള്ളതുതന്നേ. "അവസാനത്തോളം സഹിച്ചുനില്ക്കുക" എന്നതിന്റെ അർത്ഥം എന്താണ്? അതു നമുക്ക് എങ്ങനെ സാദ്ധ്യമാകും? പലതും ചെയ്തുകഴിഞ്ഞതും പലരും ഇന്നും ചെയ്യുന്നതുമായ വീഴ്ചയിൽ നാമും വീണു ലക്ഷ്യം വിട്ടുകളയാതിരിക്കേണ്ടതിനു ദിനന്തോറും നാം എടുക്കേണ്ടതായ തിരഞ്ഞെടുപ്പ് എന്താണ്?

## മുന്നേറ്റ ആഹ്വാനങ്ങൾ

നമുക്കു നിയന്ത്രിക്കുന്നതിനാവാത്ത അനേക സംഭവങ്ങൾ അരങ്ങേറുകയും പ്രവചനങ്ങളുടെ അതിവിപുല ചരിത്രഗതികൾ കടന്നുപോകയും ചെയ്യുമ്പോൾ നമുക്ക് ഒരിക്കലും നിഷ്ക്രിയരായി മുന്നോട്ടു പോകാനാകയില്ല. പ്രവചനംപോലെ തന്നെ കാലാന്ത്യ സംഭവങ്ങൾ നീങ്ങിക്കൊണ്ടിരിക്കുന്നു. അതിനോടൊത്തുപോകയല്ലാതെ നമുക്ക് മറ്റെന്തു ചെയ്‌വാനാകും? ഞാൻ ഒറ്റയ്ക്ക് എന്തുചെയ്യും? എന്നതായിരിക്കും പലപ്പോഴും നമ്മുടെ മനോഭാവം. ചുറ്റുമുള്ള ലോകത്തോടും കാലാന്ത്യസംഭവങ്ങളോടും ക്രിസ്ത്യാനികൾ പുലർത്തേണ്ട മനോഭാവം തീർച്ചയായും അതല്ല. വെളി. 14 വ്യക്തമാക്കുന്നതു ചരിത്രത്തിന്റെ ഈ കാലയളവിൽ ദൈവത്തിന്റെ ന്യായവിധിയും യേശുവിന്റെ വീണ്ടുംവരവും നാം ലോകത്തിനു ബോദ്ധ്യപ്പെടുത്തേണ്ടതാണ്.

വെളി. 14:6–12 വായിക്കുക. ഇവിടെ എന്താമ് പ്രസ്താവിച്ചിരിക്കുന്നത്? നാം എന്താണു ലോകത്തോട് അറിയിക്കേണ്ടത്? ഈ ദൂത് അത്ര ഗൗരവമേറിയതായിരിക്കുന്നത് എന്തുകൊണ്ട്? ഇന്നത്തേക്കുള്ള ദൂത് ഇതിലുണ്ട് എന്ന് അഡ്വന്റിസ്റ്റുകളായ നാം വിശ്വസിക്കുന്നു (2 പത്രൊ. 1:12). അതിനെ മൂന്നു ദൂതന്മാരുടെ ദൂതുകൾ എന്നു നാം പറയുന്നു. ഈ ലോകത്തിന്റെ ഇന്നത്തെ ചരിത്രഘട്ടത്തിൽ നാം ചെയ്‌വാൻ വിളിക്കപ്പെട്ടിരിക്കുന്ന വേലയുടെ സാരാംശം ഇതിലുണ്ട്.

അത് “ഒരു നിത്യ സുവിശേഷം” എന്നു പറഞ്ഞുകൊണ്ട് ആരംഭിക്കുന്നു. ക്രിസ്തുവിന്റെ മരണം, ഉയിർപ്പ് എന്നീ അതിശയവാർത്തകളിൽ നമ്മുടെ രക്ഷയുടെ പ്രത്യാശ നിലനില്ക്കുന്നു. “അവന്റെ ന്യായവിധിയുടെ നാഴിക വന്നിരിക്കുന്നു” (വെളി. 14:7) എന്നുള്ള ദൂത് കാലാന്ത്യത്തെക്കുറിക്കുന്ന ശക്തമായ ഒരു നാഴികക്കല്ലാണ്. തുടർന്ന് “ആകാശവും ഭൂമിയും ഉണ്ടാക്കിയവനെ നമസ്കരിപ്പിൻ എന്നുള്ളതു തുടർസന്ദേശം ബാബിലോണിൽ തുടർന്നുകൊണ്ട് “മൃഗത്തെയും അതിന്റെ പ്രതിമയെയും” നമസ്ക്കരിക്കുന്നവർക്കുള്ള ശക്തമായ മുന്നറിയിപ്പും കൊടുക്കുന്നു. പിന്നെ കാലാന്ത്യ ദൈവജനത്തെയും അത് എടുത്തുപറയുന്നു. “ദൈവകല്പനയും യേശുവിങ്കലുള്ള വിശ്വാസവും കാത്തുകൊള്ളുന്ന വിശുദ്ധന്മാരുടെ സഹിഷ്ണുത കൊണ്ട് ഇവിടെ ആവശ്യം.”

വെളി. 14:11 വായിക്കുക. മൃഗത്തെയും അതിന്റെ പ്രതിമയെയും നമസ്ക്കരിക്കുന്നവർക്കുള്ള സ്വസ്ഥതയില്ലായ്മയെക്കുറിച്ച് എന്തു പറയുന്നു?

മൃഗത്തെയും അതിന്റെ പ്രതിമയെയും നമസ്ക്കരിക്കുന്നവർക്കു രാവും പകലും ഒരു സ്വസ്ഥതയും ഉണ്ടാകയില്ല. ഇതിന്റെ യഥാർത്ഥ അർത്ഥം എന്താണെന്നതിനെ സംബന്ധിച്ചു വിവിധ ആശയങ്ങൾ നിലവിലുണ്ട്. തന്നോടു വിശ്വസ്തത പാലിക്കുന്നവർക്കു ദൈവം കൊടുക്കുന്ന സ്വസ്ഥതയുടെ അനുഭവം ഇവർക്ക് ഉണ്ടാകയില്ലാ എന്ന ആശയമാണ് പ്രധാനം. മൂന്നുദൂതന്മാരുടെ ദൂതുകളിൽ ആദ്യഭാഗമായ “നിത്യ സുവിശേഷം” എന്നതാണ് ഏറ്റവും പ്രധാനപ്പെട്ടത് എന്നു നിങ്ങൾ കരുതുന്നത് എന്തുകൊണ്ട്? ഈ ദൂതുകൾ ലോകത്തോടു ഘോഷിക്കുമ്പോൾ ഈ അത്ഭുത സത്യം മനസ്സിൽ എപ്പോഴും സൂക്ഷിക്കേണ്ടത് എന്തുകൊണ്ട്? സ്വസ്ഥതയുടെ ബന്ധത്തിൽ ‘നിത്യസുവിശേഷം” എന്ന ആശയം എന്തുകൊണ്ടു സുപ്രധാനമായിരിക്കുന്നു?

## സമാധാന സ്വസ്ഥത

അനേകനൂറ്റാണ്ടുകളായി ക്രിസ്ത്യാനികൾ ക്രിസ്തുവിന്റെ മടങ്ങി വരവു പ്രതീക്ഷയോടെ നോക്കിക്കൊണ്ടിരിക്കുന്നു. നമ്മുടെ സകലപ്രത്യാശയുടെയും പൂർത്തീകരണം അതുതന്നെയാണ്. നമ്മുടെ മാത്രമല്ല, സകല കാലഘട്ടങ്ങളിലും ക്രിസ്തുവിൽ പ്രത്യാശ അർപ്പിച്ചിരുന്ന എല്ലാവരുടെയും കണ്ണ് അതിൽത്തന്നെയാണ്.

എബ്രാ. 11:13-16 വായിക്കുക. പഴയകാല ജനത്തിനുമാത്രമല്ല, ഇന്നു നമുക്കും ഇതിൽ തന്നിരിക്കുന്ന അതിശയ വാഗ്ദത്തം എന്താണ്?

മരണത്തെ സംബന്ധിക്കുന്ന ഇന്നത്തെ സാധാരണയായ ജനപ്രിയ സങ്കല്പം ശരിയാണെങ്കിൽ ഇതിന് അർത്ഥമില്ല. അവൻ ആരുംതന്നെ "വാഗ്ദത്ത നിവൃത്തി" പ്രാപിച്ചില്ല എന്നു പറയുന്നതിന്റെ അർത്ഥം എന്താണ്? അവരുടെ വാഗ്ദത്ത നിവൃത്തി പ്രാപിച്ച് എല്ലാവരും യേശുവിനോടൊത്തു സ്വർഗ്ഗത്തിലാണോ? ഉദാഹരണത്തിന് ബില്ലിഗ്രഹാം മരിച്ചപ്പോൾ അവൻ യേശുവിനോടൊത്തു സ്വർഗ്ഗത്തിൽ ആയിരിക്കുന്നതായി നാം ആവർത്തിച്ചാവർത്തിച്ചു പലപ്പോഴും കേട്ടതാണ്.

ഈ കാഴ്ചപ്പാടിൽ വലിയൊരു വിരധാഭാസമുണ്ട്. ആരെങ്കിലും അവൻ അല്ലെങ്കിൽ അവൾ സമാധാനത്തിൽ "സ്വസ്ഥമായിരിക്കട്ടെ" എന്നു നാം സാധാരണ കേൾക്കാറുള്ളതാണ്. പക്ഷേ ഇവിടെ എന്താണു നടക്കുന്നത്? മരിച്ചുപോയ ഈ മനുഷ്യർ യഥാർത്ഥത്തിൽ സമാധാന സ്വസ്ഥതയിലാണോ? അവർ വെറുമൊരു സ്വർഗ്ഗത്തിലിരുന്നുകൊണ്ട് ഇവിടെ നടക്കുന്ന സകല നേരമ്പോക്കുകളും ശ്രദ്ധിക്കുകയാണോ?

യേശു മരണത്തെ എന്തിനോട് ഉപമിച്ചിരിക്കുന്നു? യോഹ. 11:11 വായിക്കുക.

മരണത്തിൽ എന്തു സംഭവിക്കുന്നുവെന്നുള്ളത് "സമാധാന സ്വസ്ഥത" എന്ന ആശയത്തോടു യോജിച്ചിരിക്കുന്നു. മരിച്ചവർ വാസ്തവത്തിൽ സ്വസ്ഥതയിലാണ്." ഒരു വിശ്വാസിക്കു മരണമെന്നതു വെറും നിസ്സാരകാര്യമാണ്. അതു വെറുമൊരു നിമിഷത്തേക്കു മാത്രമാണെന്നതു ക്രിസ്തുതന്നെ പറഞ്ഞിരിക്കുന്നു. 'ആമേൻ, ആമേൻ ഞാൻ നിങ്ങളോടു പറയുന്നു: എന്റെ വചനം പ്രമാണിക്കുന്നവൻ ഒരു നാളും മരണം കാൺകയില്ല. എന്റെ വചനം പ്രമാണിക്കുന്നവൻ ഒരു നാളും മരണം ആസ്വദിക്കയില്ല. ഒരു ക്രിസ്ത്യാനിക്കു മരണമെന്നതു ചെറിയൊരു നിദ്രമാത്രം. അല്പസമയത്തെ നിശ്ശബ്ദതയും അന്ധകാരവും ജീവൻ ക്രിസ്തുവിനോടുകൂടെ ദൈവത്തിൽ മറെഞ്ഞിരിക്കുന്നു. നമ്മുടെ ജീവനായ ക്രിസ്തു വെളിപ്പെടുമ്പോൾ നിങ്ങളും അവനോടുകൂടെ തേജസ്സിൽ വെളിപ്പെടും. യോഹ. 8:51,52; കൊലൊ. 3:4. DA, P. 787.

മരണത്തെ യേശു ഒരു വ്യക്തിയുടെ അബോധ നിദ്രയായി വിവരിച്ചിരിക്കുന്നു. രക്ഷ നേടിയവരും നഷ്ടപ്പെട്ടുപോയവരും പ്രതിഫലം പ്രാപിക്കുന്നത് അവരവരുടെ ഉയിർപ്പിനുശേഷമാണ് (യോഹ. 8:28,29). മരണം വരുമ്പോൾ അതിനെ സ്വീകരിപ്പാൻ ഒരുങ്ങിയിരിക്കേണ്ടതിന്റെ ആവശ്യകത യേശു ഉയർത്തിക്കാണിക്കുന്നു.

നിങ്ങളുടെ മരിച്ചുപോയ സ്നേഹഭാജനങ്ങളെല്ലാം ഇപ്പോൾ നിദ്രയെന്ന സ്വസ്ഥതയിലാണെന്നുള്ള അറിവ് നിങ്ങൾക്ക് എത്രമാത്രം ആശ്വാസം തരുന്നുണ്ട്?

## കർത്താവിൽ എപ്പോഴും ആനന്ദിപ്പിൻ

സ്മാർട്ടുഫോണിൽ സാധാരണയായി മനുഷ്യർ ഉപയോഗിക്കുന്ന ഒന്നാണ് ഗൂഗിൾ ഭൂപടം. ഈ പരിപാടി നമ്മുടെ ഫോണുകളിൽ ഉണ്ടാകാതിരുന്ന കാലത്ത് എന്തായിരുന്നുവെന്നതു പലരും ഓർക്കുന്നില്ല. നമ്മൾ ഒരിക്കലും പോയിട്ടില്ലായിരുന്ന പുതിയ സ്ഥലങ്ങളിലേക്കുള്ള യാത്ര പലപ്പോഴും ദുഷ്ക്കരമായിരുന്നു. ഗൂഗിൾ ഭൂപട പരിപാടി വന്നശേഷം ലോകത്തിലെവിടെ പോകുന്നതും അനായാസമായി ത്തീർന്നിരിക്കുന്നു. ഈ വിവരണം തന്റെ പ്രവചനസമയരേഖയിൽക്കൂടെ ദൈവം തരുന്ന സമയവിവരപട്ടികയിൽ നമ്മൾ ആത്മധൈര്യം പ്രാപിച്ചു ദൈവത്തിൽ സ്വസ്ഥത കണ്ടെത്തേണ്ടതിനു പര്യാപ്തമല്ലേ?

ചിലപ്പോൾ നാം ഗൂഗിൾ ഭൂപടം എണ്ണമായി പിന്തുടരാതെ എളുപ്പവഴി നമുക്ക് അറിയാമെന്നു ചിന്തിച്ചു തെറ്റായ ഇടങ്ങളിലേക്കു ചെന്നുപെടാറുമുണ്ട്. ഏതുവിധമായിരുന്നാലും നമുക്ക് ഇഷ്ടമില്ലാത്ത ഇടങ്ങളിൽപ്പെട്ടുപോകയോ മനസ്സിന്റെ സ്വസ്ഥത നഷ്ടപ്പെടുത്തുകയോ ഒക്കെ സാധാരണയാണ്.

ഫിലി. 4:4–6 വായിക്കുക. തിരക്കുപിടിച്ചതും വേദനയേറിയതുമായ ഈ ലോകത്തിൽ നാം ആണെങ്കിലും യഥാർത്ഥ സ്വസ്ഥതയും യഥാർത്ഥ സമാധാനവും കണ്ടെത്തേണ്ടതായ വഴിയെപ്പറ്റി ഇവിടെ പൗലൊസ് എന്തുപറയുന്നു?

നിങ്ങൾ നേരിടുന്നതായ പ്രതികൂലതകളിൽ എപ്പോഴും ആനന്ദിപ്പിൻ എന്നല്ല ഇവിടെ പൗലൊസ് പറയുന്നത്. പകരം "കർത്താവിൽ എപ്പോഴും സന്തോഷിപ്പിൻ" എന്നത്രെ. നമ്മുടെ പ്രതിബന്ധങ്ങൾ എന്തൊക്കെയാണെങ്കിലും ഒന്നും സാരമില്ല. നാം ദൈവത്തിൽ നിലനില്ക്കുകയും ദൈവത്തിന്റെ നന്മയിലും സ്നേഹത്തിലും നമുക്കുവേണ്ടി ചെയ്ത കാൽവറി യാഗത്തിലും ആനന്ദിക്കുകയുമാണെങ്കിൽ നമ്മുടെ ക്ഷീണിച്ച ആത്മാക്കൾക്കു സമാധാനം ലഭ്യമാകും.

ഇവിടെ നാം "ഒന്നിനെക്കുറിച്ചും വിചാരപ്പെടാതെ" ആണെങ്കിൽ നമ്മുടെ ആത്മാക്കൾക്കു ലഭ്യമാകുന്ന സ്വസ്ഥതയെപ്പറ്റി അല്പസമയം സങ്കല്പിച്ചുനോക്കുക. ഈ ലോകത്തിൽ ആർക്കെങ്കിലും സാദ്ധ്യമാകുമെന്നത് അല്പം പ്രയാസമാണ്. പൗലൊസിനുപോലും ധാരാളം വിഷമതകളുണ്ടായിരുന്നു. അന്തിമനിയന്ത്രണം സ്നേഹവാനായ നമ്മുടെ ദൈവകരങ്ങലളിലാണെന്നും അവസാനം നമ്മെ തന്റെ രാജ്യത്തിൽ ചേർക്കുമെന്നും അറിഞ്ഞുകൊണ്ടിരിക്കുന്നതു നമ്മെ വിഷമിപ്പിക്കുന്നവയെ ശരിയായ കാഴ്ചപ്പാടിൽ കാണുവാൻ സഹായിക്കുന്നതാണ്.

"കർത്താവു വരുവാൻ അടുത്തിരിക്കുന്നു." അതായതു കർത്താവ് നമുക്കു സമീപം തന്നെയുണ്ട്. നാം മരണസ്വസ്ഥതയെന്ന നിദ്രയിലേക്കു കണ്ണുകളടയ്ക്കുമ്പോൾ അടുത്ത നിമിഷം കാണുന്നതു യേശുവിന്റെ വീണ്ടുംവരവാണ്.

ജീവിതം മുഴുവൻ ആധികളും പരിശോധനകളും പോരാട്ടങ്ങളുമെല്ലാം നിറഞ്ഞതുതന്നെ. അവയില്ലാതെ ആർക്കും ഇവിടെ സാദ്ധ്യമല്ല. അപ്പൊസ്തലനായ പൗലൊസും അങ്ങനെതന്നെ ആയിരുന്നു (2 കൊരി. 11 കാണുക).

ഫിലി. 4:4–6 വീണ്ടും വായിക്കുക. ഇവിടെ ഇപ്പോൾ നിങ്ങൾ നേരിട്ടുകൊണ്ടിരിക്കുന്ന കഷ്ടതകളും പ്രതിബന്ധങ്ങളും എന്തൊക്കെയാണെങ്കിലും അതിന്റെയെല്ലാം മദ്ധ്യേ ഈ അത്ഭുതവാക്യങ്ങൾ ജീവിതത്തിൽ പകർത്തി ഇപ്പോൾത്തന്നെ നിങ്ങൾക്ക് അതു ജീവിതത്തിൽ എപ്രകാരം പ്രയോഗത്തിൽ വരുത്തുവാനാകും?

## കൂടുതൽ ആശയങ്ങൾ

“നമ്മുടെ പ്രാർത്ഥനകൾക്കു നാമെല്ലാം ഉടനെയുള്ള മറുപടി പ്രതീക്ഷിക്കുന്നു. ഉടനെ അതു ലഭിച്ചില്ലായെങ്കിലോ അതിനുത്തരം മറ്റൊരിടത്തുനിന്നും അപ്രതീക്ഷിതമായി ഉണ്ടാകയോ ഒക്കെ ആണെങ്കിൽ നാം നിരാശപ്പെടുവാൻ പരീക്ഷിക്കപ്പെടുന്നു. നമ്മുടെ പ്രാർത്ഥനകൾക്കുത്തരം കൃത്യസമയം നാം ആഗ്രഹിക്കുംവിധംതന്നെ തരുവാൻ ദൈവം അത്യധികം ബുദ്ധിയേറിയവനും നന്മയുടെ ഉറവിടവുമാണ്. നമ്മുടെ ആവശ്യങ്ങൾക്കപ്പുറം നന്മയായതും നല്ലതും ദൈവം തന്നുകൊണ്ടിരിക്കുന്നു. ദൈവത്തിന്റെ അത്ഭുതജ്ഞാനത്തിലും സ്നേഹത്തിലും നമുക്ക് ആശ്രയിക്കാവുന്നതുകൊണ്ട് നമ്മുടെ ഇഷ്ടത്തിങ്കലേക്കു ദൈവം കടന്നുവരേണ്ടതില്ല. ദൈവത്തിന്റെ ഉദ്ദേശ്യങ്ങളിലേക്കു നാം കടന്നുവരികയും ദൈവേഷ്ടം നിറവേറ്റാൻ നാം പ്രാർത്ഥനയിൽ അപേക്ഷിക്കുകയും വേണം. ദൈവഹിതത്തിനുള്ളിൽ നമ്മുടെ താല്പര്യങ്ങൾ ആഗ്രഹങ്ങൾ എന്നിവ അലിഞ്ഞ് ഇല്ലായ്മയിലാവണം” G.W. P. 219.

ഇനി എത്രയും അല്പസമയത്തിനുള്ളിൽ യേശു മടങ്ങിവന്നു തന്റെ മക്കളെ ചേർത്തുകൊള്ളുകയും അവർക്ക് അമർത്യതയുടെ തികവു വരുത്തുകയും ചെയ്യും... കല്ലറകൾ തുറക്കപ്പെടുകയും മരിച്ചവർ, “ഹേ മരണമേ നിന്റെ ജയം എവിടെ? ഹേ മരണമേ നിന്റെ വിഷമുള്ള് എവിടെ?” എന്ന് ആർത്തുകൊണ്ടു വിജയം വരിച്ചവരായി പുറത്തുവരികയും ചെയ്യും. യേശുവിൽ നിദ്രകൊള്ളുന്ന നമ്മുടെ സ്നേഹഭാജനങ്ങൾ അമർത്യത ധരിച്ചുകൊണ്ടു പുറപ്പെട്ടുവരും” CS, P. 350.

## ചർച്ചാചോദ്യങ്ങൾ

1. **വൻപോരാട്ടത്തിന്റെ യാഥാർത്ഥ്യത്തെക്കുറിച്ചു ചിന്തിക്കുക. അതു ലോകത്തിൽത്തന്നെ നടന്നുകൊണ്ടിരിക്കുന്നത് എങ്ങനെ നമ്മൾ കണ്ടുകൊണ്ടിരിക്കുന്നു? നിങ്ങളുടെ സ്വന്തജീവിതത്തിൽ അതെങ്ങനെ നടന്നുകൊണ്ടിരിക്കുന്നു? അതു വാസ്തവം തന്നെ, അല്ലേ? അനേകരും ചിന്തിക്കുന്നതിനെക്കാളും അതു വാസ്തവത്തിലുള്ളതുതന്നെ. കാരണം അനേകർ പിശാചുണ്ടെന്നുപോലും വിശ്വസിക്കുന്നില്ല. വൻപോരാട്ടത്തിന്റെ യാഥാർത്ഥ്യം മനസ്സിലാക്കുന്നത് നമ്മുടെ ലോകത്തിന്റെ സ്ഥിതിഗതികൾ ഗ്രഹിപ്പാൻ നമ്മെ എങ്ങനെ സഹായിക്കുന്നു? ഈ വൻപോരാട്ടത്തിന്റെ പര്യവസാനം മനസ്സിലാക്കിയിരിക്കുന്നത് നമുക്ക് എപ്രകാരം ആശ്വാസം പകരുന്നുണ്ട്?**
2. **പ്രവചനത്തിൽ വ്യക്തമായി വെളിപ്പെടുത്തിയിരിക്കുന്നതിനപ്പുറം പോകുന്നതു നമ്മെ വഴിതെറ്റിക്കുന്നതാണ്. നടപ്പില്ലാത്ത പ്രവചന നിറവേറലുകളും മറ്റുള്ളവരുടെ അപ്രകാരമുള്ള വ്യാഖ്യാനങ്ങളും ശ്രദ്ധിച്ചുകൊണ്ട് എത്രയോ സഭാംഗങ്ങൾ തന്നെ പ്രശ്നങ്ങളിൽ വീണുകൊണ്ടിരിക്കുന്നുണ്ട്. ഇപ്രകാരമുള്ള കെണികളിൽ ചെന്നുവീണുപോകാതെ നമ്മെ സംരക്ഷിപ്പാൻ നമുക്കെപ്രകാരം സാധിക്കും?**
3. **വെളി. 14:9–11 ഭാഗം വായിച്ച് മൃഗത്തെയും അതിന്റെ പ്രതിമയെയും നമസ്ക്കരിക്കുന്നവർക്കു സ്വസ്ഥതയുണ്ടാകയില്ലായെന്നുള്ളത് ചോദിച്ചു ചിന്തിക്കുക. അതിന്റെ അർത്ഥം എന്തായിരിക്കും?**
4. **ക്രിസ്തുവിന്റെ മടങ്ങിവരവിനുള്ള സമയത്തെ സംബന്ധിച്ച് സഭയിൽ നിലനില്ക്കുന്ന ഒരു വിവാദപ്രശ്നമാണ് സമയം വെളിപ്പെടുത്തപ്പെട്ടിട്ടില്ലാ എന്നുള്ളത്. ഇതിൽ നിങ്ങൾക്കുള്ള പങ്കെന്താണ്? ഈ വിഷയത്തിൽ ഒരാൾ എടുക്കുന്ന പങ്ക് എന്തുതന്നെയാണെങ്കിലും ക്രിസ്തുവിന്റെ മടങ്ങിവരവ് അതിവേഗം ഉണ്ടാകുമെന്നുള്ളതു മനസ്സിലാക്കി ദൂതു ഘോഷിക്കേണ്ടതിനു നിങ്ങൾ കൈക്കൊള്ളുന്ന പ്രധാന പ്രവർത്തനരീതി എന്താണ്?**

# Notes

# Notes

# Notes

Published by Joykutty Das for Sabbath School & Personal Ministries,
South West India Union of Seventh-day Adventists, Evergreen Lane,
Moospet Road, Thrissur - 680 005. Ph: 0487-2440341, 2440343
Printed at Ebenezer Printpack (P) Ltd, Thrissur. Ph:0487 - 2361892
www.ebenezerprinters.com